# പത്രക്കുറിപ്പ്

**പുതുവത്സരാഘോഷം സമാധാനപരമായി നടക്കുന്നതിനായി എറണാകുളം റൂറൽ ജില്ലയിൽ പോലീസ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ജില്ലാ പോലീസ് മേധാവി അറിയിച്ചു.**

**ആലുവ:** പുതുവത്സരാഘോഷം സമാധാനപരമായി നടക്കുന്നതിനായി എറണാകുളം റൂറൽ ജില്ലയിലെ സുരക്ഷാക്രമീകരണത്തിനായി, 2200 – ഓളം പോലീസ് ഉദ്യോഗസ്ഥരെ നാളെ (31.12.2017) പകലും രാത്രിയിലുമായി ഡ്യൂട്ടിയ്ക്കായി നിയോഗിക്കും.

പൊതുസ്ഥലങ്ങളിൽ അനുമതിയില്ലാതെ ഉച്ചഭാഷണികൾ പ്രവർത്തിപ്പിക്കുന്നതിനോ, പൊതുപരിപാടികൾ സംഘടിപ്പിക്കുന്നതിനോ, പടക്കം പൊട്ടിക്കുന്നതിനോ അനുവദിക്കുന്നതല്ല. മദ്യപിച്ച് ക്രമരഹിതമായി വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. അത്തരക്കാരെ കണ്ടെത്തുന്നതിനായി വാഹന പരിശോധന ഊർജ്ജിതമാക്കും. മദ്യവിൽപ്പനശാലകളിൽ രാവിലെ 11 മണി മുതൽ രാത്രി 11 മണിവരെ നിയമപ്രകാരമുള്ള മദ്യ വിൽപ്പന മാത്രമേ അനുവദിക്കുകയുള്ളൂ ആയത് പോലീസ് കർശനമായി നിരീക്ഷിക്കുന്നതാണ്.

പൊതുസ്ഥലങ്ങളിലും, ബീച്ചുകളിലും, പാർക്കുകളിലും മറ്റും മദ്യപിക്കുന്നവരെയും, സ്ത്രീകളെയും കുട്ടികളെയും ശല്യം ചെയ്യുന്നവരെയും പിടികൂടുന്നതിനായി വനിതാ പോലീസ് ഉൾപ്പെടെ മഫ്റ്റിയിലും ഡ്യൂട്ടിയ്ക്കായി പോലീസ് ഉണ്ടായിരിക്കുന്നതാണ്.

ഗഞ്ചാവ്, മറ്റ് ലഹരിപദാർത്ഥങ്ങളുടെ വിപണനവും ഉപയോഗവും തടയുന്നതിനും നടപടികൾ എടുക്കുന്നതിലേക്കുമായി പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരേയും സയൻറിഫിക് ടീമിനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

നെടുമ്പാശ്ശേരി എയർപോർട്ട്, ആലുവ, അങ്കമാലി റെയിൽവെ സ്റ്റേഷനുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പ്, റെയിൽവെ പോലീസ്, സിഐഎസ്എഫ്, സിഐഎആർ തുടങ്ങിയ വിഭാഗങ്ങളുമായി സഹകരിച്ച് അത്യാധുനീക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾ കർശനമാക്കും.

കൂടാതെ ബീച്ചുകളിലും, പാർക്കുകളിലും മറ്റും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

അനിഷ്ടസംഭവങ്ങൾ എന്തെങ്കിലും ഉണ്ടായാൽ പോലീസ് സഹായം ലഭ്യമാകുന്നതിന് പൊതുജനങ്ങൾക്ക് **0484-2621100, 9497980500, 9497962412, 9846100100, 1090, 1091, 1515, 100** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു